77 (2637) മീറ്റർ ഘടിപ്പിക്കാത്ത ഓട്ടോറിക്ഷകൾ

ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പട്ടണങ്ങളിലും ഓട്ടോറിക്ഷകൾക്ക് മീറ്റർ ഘടിപ്പിക്കാതെയാണ് ഓടിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം യാത്രക്കാർക്ക് പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായറിയുമോ;

(സി) വാഹന നിയമം അനുസരിച്ച് ഓട്ടോറിക്ഷകൾക്ക് മീറ്റർ ഘടിപ്പിക്കേണ്ടത് നിർബന്ധമാണോ; ഇത് നിഷ്കർഷിക്കേണ്ട ഉത്തരവാദിത്വം ഏത് വകുപ്പിനാണ്;

(ഡി) മീറ്ററില്ലാത്ത ഓട്ടോറിക്ഷകളിൽ യാത്ര ചെയ്യുന്നവരിൽനിന്ന് നിയമാനുസൃത ചാർജിന്റെ ഇരട്ടിയോ അതിൽ കൂടുതലോ ഈടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സവാരി നടത്തുന്ന ഓട്ടോറിക്ഷകൾക്ക് മീറ്റർ ഘടിപ്പിക്കുന്ന കാര്യം നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(സി) കേരള മോട്ടോർ വാഹന നിയമം 296(1)(എ) അനുസരിച്ച് സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയോ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയോ പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള 6 ആളുകൾവരെ കയറാവുന്ന എല്ലാ വാടക വാഹനങ്ങളിലും ഫെയർ മീറ്റർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മോട്ടോർ വാഹന നിയമ പ്രകാരം രൂപീകൃതമായിട്ടുള്ള ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ് ഇതിനുള്ള ഉത്തരവാദിത്വം.

(ഡി) ഓട്ടോറിക്ഷകളിൽ അധികകൂലി ഈടാക്കുന്നതായുള്ള പരാതികൾ ലഭിക്കാറുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളിലും കോർപ്പറേഷനുകളിലും ഠൗൺഷിപ്പ് പ്രദേശങ്ങളിലും സവാരി നടത്തുന്ന ഓട്ടോറിക്ഷകൾക്ക് നിർബന്ധമായും മീറ്റർ ഘടിപ്പിക്കണമെന്ന് 16-10-91-ൽ ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കുകയും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കും അതിനനുസരണമായ നിർദ്ദേശം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly